# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.839** **12.06.2013-ൽ മറുപടിക്ക്**

## വാട്ടർ അതോറിറ്റിയിൽ ഇ-ടെണ്ടറിംഗും ഇ-ഗവേർണൻസും

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എം.പി. വിൻസന്റ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.സി.പി. മുഹമ്മദ്<br>ശ്രീ.പി.സി. വിഷ്ണുനാഥ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയിൽ ഇ-ടെണ്ടറിംഗും, ഇ-ഗവേർണൻസും നടപ്പാക്കാൻ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) 2007 ൽ കേരള ജല അതോറിറ്റിയിൽ ഇ- ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. ഇപ്പോൾ 15 ലക്ഷം രൂപവരെ അടങ്കൽ തുകയുള്ള എല്ലാ ടെണ്ടറുകളും ഇ-ടെണ്ടറായിട്ടാണ് വിളിക്കുന്നത്.<br>ഇ-ഗവേർണൻസ് കേരള ജല അതോറിറ്റിയിൽ നടപ്പാക്കി വരുന്നു. കേരള ജല അതോറിറ്റിയുടെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി 2005 ൽ ഒരു ഐ.ടി. മാസ്റ്റർ പ്ലാൻ ഉണ്ടാക്കുകയുണ്ടായി. അതിൽ താഴെപ്പറയുന്ന പ്രവർത്തന മേഖലകൾ കമ്പ്യൂട്ടർ വൽക്കരണം ചെയ്യുവാൻ തീരുമാനിച്ചു.<br>1. ബില്ലിംഗ്സിസ്റ്റം<br>2. പരാതി പരിഹാര സിസ്റ്റം<br>3.പ്രോജക്റ്റ് മോണിട്ടറിംഗ് സിസ്റ്റം<br>4.എംപ്ലോയിസ് ഇൻഫർ മേഷൻ സിസ്റ്റം<br>5.ഫൈനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം.<br>6.ജോഗ്രഫിക്കൽ ഇൻഫർ മേഷൻ സിസ്റ്റം |

| | |
|---|---|
| | 7. മെറ്റീരിയിൽ/അസറ്റ് മാനേജ്മെന്റ് സിസ്റ്റം.<br><br>ഇതിനുവേണ്ടി കേരള ജല അതോറിറ്റിയുടെ എല്ലാ ഓഫീസുകളേയും ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് ജോലികൾ 2010 ൽ ആരംഭിക്കുകയും പൂർത്തിയായി വരുകയും ചെയ്യുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) ഇ-ടെണ്ടറിംഗ് മൂലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാവും. ടെണ്ടറിന്റെ സ്ഥിതി വിവരങ്ങൾ ടെണ്ടർ തുറക്കുന്ന സമയംതന്നെ ഇന്റർ നെറ്റിലൂടെ അറിയാൻ സാധിക്കും. ടെണ്ടറുകളുടെ രഹസ്യ സ്വഭാവം സൂക്ഷിക്കുവാനും നടപടികൾ വേഗത്തിൽ ആക്കുവാനും സാധിക്കും.<br>ഇ-ഗവേർണൻസ് മൂലം,<br>1) കേരള ജല അതോറിറ്റിയുടെ വിവിധ ഓഫീസുകൾ തമ്മിലുള്ള ഏകോപനം ത്വരിതപ്പെടുത്തുക<br>2) പൊതുജന സേവനം ത്വരിതപ്പെടുത്തുക<br>3) പരാതികളും മെയിന്റനൻസു പണികളും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുക<br>4) വെള്ളക്കരം അടയ്ക്കാനുള്ള സൗകര്യം വർദ്ധിപ്പിച്ച് കേരള ജല അതോറിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കുക എന്നിവസാധിക്കും |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) കേരള ജല അതോറിറ്റിയിൽ ഇ-ടെണ്ടറിംഗ് നടപ്പാക്കുന്ന ഏജൻസി M/s കർണാടക സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KEONICS) ആണ്. |

| | | | |
|---|---|---|---|
| | | | ഇ- ഗവേർണൻസുമായി സഹകരിക്കുന്നത്,<br>1.NIC(National Informatics Centre)<br>2. IBS Ltd.<br>3.TCS (Tata Consultancy Services)<br>4.KELTRON എന്നീ കമ്പനികളാണ്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 2007 മുതൽ കേരളജല അതോറിറ്റിയിൽ ഇ-ടെണ്ടറിംഗ് നടപ്പിലാക്കി വരുന്നു. 15 ലക്ഷത്തിന് മുകളിൽ അടങ്കൽ തുക വരുന്ന എല്ലാ ടെണ്ടറുകളും ഇ-ടെണ്ടർ ആയിട്ടാണ് വിളിക്കുന്നത്.<br>ഇ-ഗവേർണൻസുമായി ബന്ധപ്പെട്ട നടപടികൾ ചോദ്യം (എ) യുടെ ഉത്തരമായി വിശദീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ